CHRISTIAN MUSICOLOGICAL SOCIETY OF INDIA

*Sathyadeepam*, vol. 74
(November 8, 2000) ), pp. 5

# കലയും ക്രൈസ്തവ വിശ്വാസവും: ഒരു ഭാരതീയ സംവാദം

ജോസഫ് പാലയ്ക്കൽ സി.എം.ഐ.

ക്രിസ്തുമതം ഭാരതത്തിനൊട്ടും അന്യമല്ല. ഭാരതത്തിലെ സഭയ്ക്ക് ക്രിസ്തുമതത്തോളം തന്നെ പ്രായമുണ്ടെന്നു നമ്മൾ വിശ്വസിക്കുന്നു. എന്നിട്ടും ഈ മതം ഇവിടെയിനിയും സാംസ്കാരികമായി അനുരൂപപ്പെട്ടിട്ടില്ല. അതിനു പ്രത്യക്ഷമായൊരു ഉദാഹരണം നമ്മുടെ ക്രിസ്തീയ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും കയറിച്ചെല്ലുമ്പോൾ കാണാം : ഷാമ്പൂ തേച്ചുമിനുക്കിയ തങ്കനിറമുള്ള തലമുടിയും നീലക്കണ്ണുകളുമുള്ള വെള്ളക്കാരനായ ഈശോയുടെ ചിത്രം. ഈ ചിത്രങ്ങൾ ഒന്നുകിൽ പാശ്ചാത്യ നാടുകളിൽ നിന്നും ഇറക്കുമതി ചെയ്തവയോ അല്ലെങ്കിൽ അവിടുത്തെ ചിത്രങ്ങളെ അനുകരിച്ച് ഇവിടുത്തെ കലാകാരന്മാർ വരച്ചവയോ ആണ്. ഇതിൽ ചിത്രീകരിച്ചിരിക്കുന്ന ഈശോയുടെ രൂപമാകട്ടെ, യൂറോപ്പിലെ സുന്ദരന്മാരായ മോഡലുകളെ മാതൃകയാക്കി വരച്ചവയും. മദ്ധ്യപൂർവ്വദേശത്ത് യഹൂദവംശത്തിൽ ജനിച്ചു വളർന്ന മാതാവിന്റെയും ഈശോയുടെയും ആകൃതിയും പ്രകൃതിയും യൂറോപ്പിലെ കലാകാരന്മാർ അവിടത്തെ മോഡലുകളെ മാതൃകയാക്കി വരച്ചുണ്ടാക്കിയ രൂപവും തമ്മിലുള്ള വ്യത്യാസം വിവേചിച്ചറിയാൻ സാമാന്യബുദ്ധി മതിയാകും. മിശിഹായിലെ ദൈവത്വത്തിനല്ല ഈശോയിലെ മനുഷ്യത്വത്തിനാണ് യൂറോപ്യൻ കലാകാരന്മാർ പ്രാധാന്യം നൽകിയത്. തങ്ങളുടെ പ്രേക്ഷകർക്ക് എളുപ്പം താദാത്മ്യം പ്രാപിക്കാവുന്ന രീതിയിൽ ഈശോയുടെ രൂപം അവർ സാംസ്കാരികമായി അവതരിപ്പിച്ചു. യൂറോപ്യൻ ചിത്രങ്ങളും ഗ്രീക്കു ബൈസന്റയിൻ സഭകളിൽ വണങ്ങപ്പെടുന്ന ഐക്കണുകളും (icon) തമ്മിലുള്ള പ്രകടമായ വ്യത്യാസം നിറങ്ങളുടെയും ഭാവങ്ങളുടെയും മാത്രമല്ല പ്രത്യയശാസ്ത്രത്തിന്റെയും കൂടിയാണ്. ചിത്രങ്ങൾ ചിന്തയുടെയും ദൈവശാസ്ത്രത്തിന്റെയും മുഖക്കണ്ണാടികളാണല്ലോ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗീസ് പാതിരിമാരും പട്ടാളക്കാരും കച്ചവടക്കാരും കൊണ്ടുവന്ന വെള്ളക്കാരായ ഈശോയുടെ മാതാവിന്റെയും ചിത്രങ്ങളോടു ഇവിടത്തെ ക്രിസ്ത്യാനികൾ ആദ്യം എങ്ങനെ പ്രതികരിച്ചു എന്നറിയാൻ മാർഗ്ഗങ്ങളില്ല. കൂനൻകുരിശു സത്യം മുതൽക്കെങ്കിലും പ്രസ്തുത ചിത്രങ്ങളോടു നിഷേധാത്മകമായ പ്രതികരണങ്ങൾ ഉണ്ടായിരുന്നിരിക്കാമെന്ന് എഴുതപ്പെട്ട ചരിത്രത്തിലെ വരികൾക്കിടയിൽ വായിച്ചാൽ മനസ്സിലാക്കാം. എന്നാൽ, ആ സ്ഥിതിക്കു സാവധാനം വ്യത്യാസം വന്നു. ആദ്യകാലത്തു അന്യമായതും ഒരുപക്ഷേ, അടിച്ചേൽപിക്കപ്പെട്ടതുമായ ചിന്തകളും ചിത്രങ്ങളും പിൽക്കാലത്തു സ്വന്തമായിത്തീരുന്ന പ്രതിഭാസത്തിനു ഭാരതത്തിലെ ക്രൈസ്തവചരിത്രം സാക്ഷിയാണ്. നാനൂറു വർഷം കൊളോണിയൽ ചിന്തയുടെ കറുപ്പു തിന്നു ശീലിച്ച കേരളത്തിലെ ക്രിസ്ത്യാനികളുടെ മക്കൾ വേദപ്രചാരകരായി കന്നി മിഷൻ പ്രദേശത്ത് പോകുമ്പോഴും ഈശോയുടെ യൂറോപ്യൻ മുഖം കൂടെ കൊണ്ടുപോകുന്നു. ഒരു ജനതയ്ക്ക് ചിന്തിക്കാനും തങ്ങളുടെ ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കാനും നിയന്ത്രിക്കാനുമുള്ള അവകാശം നിഷേധിക്കപ്പെടുമ്പോഴല്ല, മറിച്ച്, അവർ അത് സ്വയം ഉപേക്ഷിക്കുമ്പോഴാണ് അടിമത്തം അടിമയുടേതാകുന്നത്. വെള്ളക്കാരന്റെ ആധിപത്യം അവസാനിക്കുന്നതിനു മുമ്പുതന്നെ ആഫ്രിക്കയിലെ ക്രിസ്ത്യാനികൾ ക്രിസ്തുവിനു കറുത്തമുഖം നൽകിയിരുന്നു എന്നത് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ദൈവാനുഭവിത്തിനായി 'ഈശ്വര'നും 'സർവ്വേശ്വര'നും വായ്പ്പ വാങ്ങിയ നമ്മൾ ക്രിസ്തുവിനു ഭാരത

മുഖം നൽകാൻ മടുപ്പു കാണിക്കുന്നു. ഭക്തചിത്രങ്ങൾ മാത്രമല്ല, ദൈവശാസ്ത്രവും നാമിന്നും പാശ്ചാത്യനാടുകളിൽനിന്ന്, അതും നാമറിഞ്ഞതിനേക്കാൾ വളരെ നൂറ്റാണ്ടുകൾക്കുശേഷം ക്രിസ്തുമാർഗ്ഗം പരിചയപ്പെട്ടവരിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. രണ്ടായിരത്തോളം വർഷങ്ങൾ ക്രിസ്തുവിനെ ശ്വസിച്ചിട്ടും നമ്മുടെ ഉച്ഛ്വാസത്തിൽ ഭാരതമണ്ണിന്റെ മണമില്ലെന്നും ആകയാൽ, നമ്മുടെ വിശ്വാസത്തിനു വൈശിഷ്ട്യമില്ലെന്നും നമ്മൾ പരോക്ഷമായി ഏറ്റുപറയുന്നു. ക്രൈസ്തവ വിശ്വാസത്തിനു ഭാരതീയ നിർവ്വചനം നൽകിക്കൊണ്ട് ആഗോളക്രൈസ്തവസംസ്ക്കാരത്തിനു മുതൽ കൂട്ടാനുള്ള അവസരം നമ്മെ കടന്നു പോകുന്നു.

അനുരൂപണത്തിനു തുടക്കം കുറിക്കേണ്ടതു ചിത്രത്തിലല്ല, ചിന്തയിലത്രേ. ആയിരത്തിതൊള്ളായിരത്തി അറുപതുകളുടെ ആരംഭത്തിൽ ബാംഗ്ലൂർ ധർമ്മാരാം കോളേജിലാരംഭിച്ച അനുരൂപണശ്രമങ്ങളുടെ അനുരണനങ്ങൾ താമസിയാതെ കേരളക്കരയിലെത്തിയെങ്കിലും അധികകാലം അതിനു നിലനിൽപ്പുണ്ടായില്ല. ഇന്നിപ്പോൾ അതിന്റെ മങ്ങിയ അലകൾ അങ്ങിങ്ങായി അഭ്യസ്തവിദ്യരായ ആരാധകരുടെ സ്വകാര്യസമ്മേളനങ്ങളിൽ പാടുന്ന ഭജനഗാനങ്ങളിൽ മാത്രം പ്രതിധ്വനിക്കുന്നു. വിദ്യാഭ്യാസവും സാംസ്കാരികപാരമ്പര്യവുമുള്ള കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ അനുരൂപണശ്രമങ്ങൾ അകാലചരമം പ്രാപിച്ചതിനു പ്രധാന കാരണം പ്രത്യയശാസ്ത്രത്തിന്റെ പിൻബലമില്ലായ്കയാണെന്നു പറയാം. ഭാരതീയത്തിന്റെ പര്യായമല്ല ഹൈന്ദവമെന്നും ഭാരതീയം ഹൈന്ദവത്വത്തെക്കാൾ അർത്ഥവ്യാപ്തിയുള്ളതാണെന്നും ഭാരതീയത്വത്തിന്റെ നിരന്തരമായ നിർവ്വചനപ്രക്രിയയിൽ ഭാരതത്തിലെ ക്രിസ്ത്യാനികൾക്ക് ഏതൊരു പൗരനേയും പോലെ പങ്കുണ്ടെന്നും ആരാധകരെ പറഞ്ഞു മനസ്സിലാക്കിയില്ല. നീലക്കണ്ണുകളും ഷാമ്പൂ തേച്ചുമിനുക്കിയ വെളുത്ത ക്രിസ്തുവിന്റെ ചിത്രത്തിനു മുമ്പിൽ നിറപറയും നിലവിളക്കും വച്ച് ആരാധിക്കുന്നതിലെ വൈചിത്ര്യം അധികമാരും ശ്രദ്ധിച്ചുമില്ല.

അനുരൂപണത്തിന്റെ പ്രത്യയശാസ്ത്രത്തിനടിസ്ഥാനം മനുഷ്യാവതാരമാണ്. ദൈവത്വം ലജ്ജാലേശമില്ലാതെ മനുഷ്യത്വത്തേയും സ്ഥലകാലനിബദ്ധമായ മാനവസംസ്കാരത്തേയും പരസ്യമായി വരിച്ചതിനെയാണല്ലോ നമ്മുടെ ഭാഷയിൽ മനുഷ്യാവതാര രഹസ്യം എന്നു പറയുന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെ പുത്രനിൽ ഈശോയും മിശിഹായും ഒരുമിച്ച സംഭവം. ആകയാൽ, അനുരൂപണത്തിൽ ഏർപ്പെട്ടിരിക്കുന്ന കലാകാരന് ഉത്തമമാതൃകയും ഉത്തേജനശ്രോതസ്സും ഇഷ്ടമന്ത്രവുമാകുന്നു മനുഷ്യാവതാരം.

അനുരൂപണത്തിന് ഏറ്റവും വലിയ വിലങ്ങുതടി കലാകാരനിലെ അനുകരണാസക്തിയത്രേ. അനുകരണം കലാകാരനിലെ ആന്തരികസോപാനത്തിലെ ആദ്യപടി മാത്രമാണ്. അനുകരണത്തിന്റെ സുരക്ഷിതമായ താഴ്വരയിൽനിന്നു സർഗ്ഗാത്മകമായ അനുരൂപണത്തിന്റെയും അവിടെ നിന്ന് സൃഷ്ടിപരമായ ക്രിയാത്മകതയുടെയും ഉത്തുംഗശൃംഗത്തിലേക്കുള്ള തീർത്ഥയാത്രയിൽ അനിശ്ചിതത്വത്തിന്റെ അരക്ഷിതാവസ്ഥയും പരാജയത്തിന്റെ പേടിയും പതിയിരിപ്പുണ്ട്. ദുർഘടമായ ഈ പൊന്മലകയറ്റത്തിൽ കലാകാരനു സമൂഹത്തിന്റെ സഹായം ആവശ്യമാണ്. അനുകരണത്തിന്റെ അടിവാരത്തിൽ ഒരു കലാകാരൻ ഒതുങ്ങിക്കഴിയുന്നതിന്റെ കാരണം അദ്ദേഹത്തിലെ ക്രിയാത്മകതയുടെ കുറവു മാത്രമാകണമെന്നില്ല. തന്റെ ഉപഭോക്താക്കൾ കണ്ടു ശീലിച്ചിട്ടില്ലാത്ത വർണ്ണങ്ങളും പ്രതിബിംബങ്ങളും വരച്ചു കാണിക്കാൻ വിസമ്മതിക്കുന്നത് പ്രേക്ഷകരിൽ നിന്നുള്ള പ്രതികരണം പേടിച്ചാവാം. ഒരുപക്ഷേ, അതുകൊണ്ടായിരിക്കാം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പണിത പള്ളികളിൽപ്പോലും വസ്തുശില്പവും ചുവർചിത്രങ്ങളും പാശ്ചാത്യകലാസങ്കേതങ്ങളുടെയും പ്രതിബിംബങ്ങളുടെയും വർണ്ണശബളമായ വെറും വിവർത്തനം മാത്രമായി അവശേഷിച്ചത്. അതിനാൽ, കലാകാ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

രന്മാരും അവരുടെ ഉപഭോക്താക്കളും സഹൃദയരും നിരൂപകരും തമ്മിൽ ഭാവാത്മകമായ സംവാദം ആവശ്യമായിത്തീർന്നിരിക്കുന്നു.

കലയുടെ കാര്യത്തിൽ ക്രൈസ്തവരെ ചിന്താസ്വാതന്ത്ര്യത്തിലേക്ക് നയിക്കേണ്ട വീരസേനാനികളാണു നിരൂപകർ. കലാകാരന്റെയും ആസ്വാദകരുടെയുമിടയിലെ മദ്ധ്യവർത്തികളാണവർ. കലാസൃഷ്ടികളെ ക്രിയാത്മകമായി വിലയിരുത്തുന്നതോടൊപ്പം അറിവുള്ള ആസ്വാദകരെ സൃഷ്ടിക്കുക എന്ന ദൗത്യം കൂടി നിരൂപകരിൽ നിക്ഷിപ്തമായിരിക്കുന്നു. അറിവുള്ള ആസ്വാദകർ ഒരു സമൂഹത്തിന്റെ സാംസ്കാരിക സമ്പത്താണ്. അവർ കലാകാരന്റെ അഭിമാനവും അതേസമയം തന്നെ വെല്ലുവിളിയുമാകുന്നു. ആസ്വാദകരുടെ അറിവു വർദ്ധിക്കുന്തോറും കലാകാരനു ചുമതലയേറും. തനിക്കു ചുറ്റും അറിവുള്ള ആസ്വാദകരുള്ളപ്പോൾ 'ഈ കുഞ്ഞിനീക്കഞ്ഞി മതി' യെന്ന പൊള്ളയായ സംതൃപ്തിയുടെ പുറംകുപ്പായത്തിലൊളിച്ചിരിക്കാൻ കലാകാരനു കഴിഞ്ഞെന്നുവരില്ല.

കർത്താവിന്റെ കൽപനയനുസരിച്ച് പീഢാനുഭവത്തിന്റെ ഓർമ്മ ആചരിക്കുകയും പുനരുത്ഥാനത്തിലെ സന്തോഷമാഘോഷിക്കുകയും പരിശുദ്ധത്രിത്വത്തെ പ്രഘോഷിക്കുകയും ചെയ്യുമ്പോഴാണല്ലോ ഒരു ജനത ക്രൈസ്തവമാകുക. ആചരണത്തിനും ആഘോഷത്തിനും എന്നപോലെ പ്രഘോഷണത്തിനും കല ഉത്തമ മാധ്യമമാണ്. കേൾക്കുന്ന വചനത്തേക്കാൾ സംവേദനക്ഷമമാണ് കാണുന്ന വചനം. വായിച്ചും പാടിയും കേൾക്കുന്ന വചനം ഓർമ്മയിൽനിന്ന് എളുപ്പം മാഞ്ഞുപോകും. എന്നാൽ, വരച്ചുകാണിക്കുന്ന വചനം ഓർമ്മയിൽ (പ്രത്യേകിച്ചും കുട്ടികളുടെ) കൂടുതൽ തങ്ങി നിൽക്കും. 'ഒരു പടം ഒരായിരം വാക്കുകൾ പറയുന്നു' (A picture speaks a thousand words) എന്ന ഇംഗ്ലീഷ് ആപ്തവാക്യം എത്രയോ അർത്ഥവത്താണ്. വചനത്തെ ചമയം ചെയ്യാനും വിശ്വാസത്തെ വർണ്ണശബളമാക്കുവാനുള്ള കഴിവു ദാനമായി ദൈവത്തിൽ നിന്നു സ്വീകരിച്ചിട്ടുള്ള കലാകാരന്മാർ യഥാർത്ഥത്തിൽ മിഷനറിമാരത്രെ. വേദപ്രചാരത്തിലെന്നപോലെ വിശ്വാസരൂപീകരണത്തിലും അവരുടെ നേതൃത്വം നാമിനിയും വേണ്ടവിധം ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ക്രൈസ്തവ വിശ്വാസവും ഭാരതസംസ്ക്കാരവും തമ്മിൽ പുനർവിവാഹം നടത്താൻ (പതിനാറു നൂറ്റാണ്ടോളം നിന്ന ആദ്യവിവാഹം 1599 – ൽ ഉദയംപേരൂർ 'സൂനഹദോസ്' എന്നു വിളിക്കപ്പെടുന്ന സമ്മേളനത്തിൽ വച്ച് പോർച്ചുഗീസുകാരനായ മെനേസിസ് മെത്രാപ്പോലീത്ത ഔദ്യോഗികമായി വേർപെടുത്തിയിരുന്നു!) പരിശ്രമിച്ച തത്വബോധകരെന്ന റോബർട്ട് ഡിനോബിലിയും (1577 – 1656), വീരമാമുനിവരെന്ന ജോസഫ് ബേഷിയും (1680 – 1747), അർണോസ് പാതിരി എന്ന ജോൺ ഏണസ്റ്റ് ഹാൻക്സ് ലീഡനും (1681 – 1732) പോലെയുള്ള പാശ്ചാത്യ മിഷനറിമാരുടെ പാവനസ്മരണയ്ക്ക് മുമ്പിൽ നമുക്ക് നമസ്കരിക്കാം.

ഭാരതത്തിലെ സംഗീതത്തിനെന്നപോലെ കലയ്ക്കും അനേകം പ്രാദേശികസരണികളുണ്ട്. എന്നാലിവയ്ക്കെല്ലാമന്തർധാരയായി ഒരു 'ഭാരതീയത' യുമുണ്ട്. ഇന്ത്യയിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ പ്രത്യേകമായ ദൈവശാസ്ത്രവും ചിന്താരീതികളും ഭാരതീയ കലയുടെ ഈ പ്രാദേശിക സരണിയിലൂടെ പ്രസരിപ്പിച്ചു തുടങ്ങിയാൽ അതിവിടെ ഉണ്ടാക്കിയേക്കാവുന്ന ഒരു കലാവിപ്ലവം മഹത്തരമായിരിക്കും. തീർച്ച.

*********



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART